സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ഫലവർഗ്ഗങ്ങൾ

73 (4112) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എന്തെല്ലാം ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു ;

(ബി) പ്രതിവർഷം ഇവയുടെ ഉല്പാദനം എത്ര വരുമെന്ന് വ്യക്തമാക്കാമോ ;

(സി) എന്തെല്ലാം ഫലവർഗ്ഗങ്ങളാണ് സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(ഡി) ഇൻഡ്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഫലവർഗ്ഗങ്ങളുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പ്രധാന ഫലവർഗ്ഗങ്ങൾ ചക്ക, മാങ്ങ, കൈതച്ചക്ക, പപ്പായ, നേന്ത്രപ്പഴം, മറ്റ് വാഴപ്പഴങ്ങൾ എന്നിവയാണ്. ഇതിന് പുറമേ പേരയ്ക്കാ, ജാമ്പ, ചെറി, ലവ്‌ലവലി, നെല്ലി, ശീമചക്ക, മലമുന്തിരി, സീതപ്പഴം, നാരങ്ങ, ചെറുനാരങ്ങ, മാതളങ്ങ, സപ്പോട്ട, ഓറഞ്ച്,ബംബളിമാസ് തുടങ്ങിയ ഫലവർഗ്ഗങ്ങളും നേരിയ തോതിൽ കൃഷിചെയ്ത് ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) 2001-2002-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രധാനപ്പെട്ട ഫലവർഗ്ഗങ്ങളുടെ ഉല്പാദനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1.	ചക്ക	308 ദശലക്ഷം എണ്ണം
2.	മാങ്ങ	305545 ടൺ
3.	നേന്ത്രപ്പഴം	375903 ടൺ
4.	മറ്റ് വാഴപ്പഴം	393182 ടൺ
5.	കൈതച്ചക്ക	83873 ടൺ
6.	പപ്പായ	72009 ടൺ

(സി) സംസ്ഥാനത്തു നിന്നും നേന്ത്രപ്പഴവും കൈതച്ചക്കയുമാണ് മുഖ്യമായി കയറ്റുമതി ചെയ്യുന്നത്.

(ഡി) 3.40 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly